# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ഫെബ്രുവരി 12, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

15 (*151) ക്രമസമാധാനം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ജനങ്ങളുടെ സ്വൈര ജീവിതം ഉറപ്പാക്കി ജീവനും സ്വത്തിനും സംരക്ഷണം നൽകി ഭരണഘടനാനുസൃതമായി എല്ലാക്കാര്യങ്ങൾക്കും ജനങ്ങളെ സഹായിക്കുകയെന്നതാണ് ഗവൺമെന്റിന്റെ പൊതുവായ നയമെന്നും അതിന് പോലീസ് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ക്രമസമാധാനനില സംബന്ധിച്ച് പോലീസ് സ്റ്റേഷൻ മുതൽ സംസ്ഥാനതലം വരെ അവലോകനം നടത്താറുണ്ട്. ഡിസംബർ മാസത്തെ സംസ്ഥാനതല അവലോകനയോഗം പോലീസ് ആസ്ഥാനത്തുവച്ച് സംസ്ഥാന പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ 16-01-2013-ൽ കൂടുകയും കുറ്റകൃത്യങ്ങളെയും പോലീസ് നടപടികളെയും സംബന്ധിച്ച് വിശകലനം നടത്തുകയും

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ സുരക്ഷയ്ക്കായി രാപകൽ ഭേദമന്യേ ജന സൗഹാർദ്ദപരമായും കാര്യക്ഷമമായും പ്രവർത്തിക്കുന്ന പോലീസിൽ ജന ങ്ങൾക്കുള്ള വിശ്വാസം വർദ്ധിച്ചുവരുന്നതിനാൽ ജനങ്ങൾക്കിടയിൽ അരക്ഷി താവസ്ഥ നിലനിൽക്കുന്നതായി കാണുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 15 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന മുതൽ മോഷ്ടിക്കപ്പെട്ട സംഭവങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ 18 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മിഷൻ 30 ഡേയ്സ് അനുസരിച്ച് ഹരിഹര വർമ്മ കേസിലെ പ്രതികൾ, ബണ്ടി ചോർ എന്ന ദേബീന്ദ്ര സിംഗ്, മൂന്നുറിലധികം മോഷണക്കേസുകളിൽ പ്രതിയായ ബാഹുലേയൻ, എ.ടി.എം. കവർച്ചാ സംഘം, ഇടപ്പഴഞ്ഞി പാങ്ങോട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കവർച്ച കേസിലെ പ്രതികൾ, വിവിധ പിടിച്ചുപറി കേസിലെ പ്രതികൾ, ആറ് പിടികിട്ടാ പ്പുള്ളികൾ എന്നിവരെയും ഗുണ്ടാ ആക്ട് പ്രകാരം 3 പേരെയും കഞ്ചാവ് കൈവശം വച്ചതിന് ഒരാളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ആട് ആന്റണിയെ കുറിച്ച് വിവരം തരുന്നവർക്ക് ഒരു ലക്ഷം രൂപ ഇനാം പ്രഖ്യാപിച്ചിട്ടുണ്ട്. ക്രിമിനൽ കേസിൽപ്പെട്ട 13 പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് പിരിച്ചുവിടുകയും 23 പേരുടെ പേരിലുള്ള നടപടി പുരോഗമിക്കുകയും ചെയ്യുന്നു. കാസർകോഡ് പാക്കേജ് സംബന്ധിച്ച് ഏകാംഗകമ്മീഷനായ മുൻ ചീഫ് സെക്രട്ടറി ശ്രീ. പി. പ്രഭാകരൻ സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പാ ക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. പോലീസിന്റെ സ്ട്രെങ്ത് വർദ്ധി പ്പിക്കുന്നതു സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ കണക്ക് അനുസരിച്ച് ഇപ്പോൾ പൊളിറ്റിക്കൽ -

ഗുണ്ടാ-കമ്മ്യൂണൽ മർഡറുകൾ കുറഞ്ഞിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

16 ( *152) അന്യസംസ്ഥാന തൊഴിലാളികൾ സൃഷ്ടിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ കരാർ ജോലിക്ക് എത്തുന്ന തൊഴിലാളികൾ സൃഷ്ടിക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അന്യസംസ്ഥാന തൊഴിലാളികളുടെ മറവിൽ മതിയായ രേഖകളില്ലാതെ വരുന്ന അന്യരാജ്യക്കാരെ തിരിച്ചറിയുന്നതിനായി അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. പേര്, മേൽവിലാസം, തിരിച്ചറിയൽ കാർഡ് നമ്പർ, ലോക്കൽ മേൽവിലാസം, കോൺട്രാക്ടറുടെ പേര്, ഏജൻസിയുടെ പേര്, ജോലിയുടെ സ്വഭാവം, ഫിംഗർ പ്രിന്റ്, ഫോട്ടോ മുതലായ വിവരങ്ങളടങ്ങിയ പ്രത്യേക രജിസ്റ്റർ പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുകയും ലോക്കൽ പോലീസും രഹസ്യാന്വേഷണവിഭാഗവും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവരുടെ വാസസ്ഥലങ്ങളിൽ രാപ്പകൽ പോലീസ് പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. സമാധാനപരമായി ജോലി ചെയ്യുന്നവർക്ക് ജോലി ചെയ്യാൻ അവസരം നൽകുകയും ജോലിയുടെ മറവിൽ ക്രിമിനൽ നടപടികളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

17(*153) <u>സിനിമാ തീയേറ്ററുകളുടെ നവീകരണം</u>

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, സിനിമാ തീയേറ്ററുകൾ നവീകരിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കെ.എസ്.എഫ്.ഡി.സി. തിരുവനന്തപുരത്തെ കലാഭവൻ തീയേറ്റർ നവീകരിക്കുകയും കൈരളി തീയേറ്റർ വിഭജിച്ച് നവീകരിക്കുകയും കോഴിക്കോട്ടുള്ള കൈരളി/ശ്രീ തീയേറ്റർ നവീകരിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക രീതിയിലുള്ള ടോയ്‌ലറ്റുകൾ, ഫുഡ്കോർട്ട്, പാർക്കിംഗ് സൗകര്യം, മികച്ച രീതിയിലുള്ള ചെയറുകൾ, കാര്യക്ഷമതയുള്ള എയർ കണ്ടീഷനിംഗ്, പ്രൊജക്ഷൻ, ശബ്ദസംവിധാനം, സി.സി.ടി.വി. തുടങ്ങിയ സൗകര്യങ്ങളോടെ പ്രേക്ഷകർക്ക് നല്ല ദൃശ്യാനുഭവം നൽകിക്കൊണ്ട് സ്ഥാപനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയെന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതി നടപ്പിലാക്കുവാനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ-നെ പ്രോജക്ട് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണത്തിനായി ആദ്യഘട്ടമെന്ന നിലയിൽ 80 ലക്ഷം രൂപ മാറ്റി വച്ചിട്ടുണ്ട്. അവിടെ ഫിലിം സിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. സംസ്ഥാനത്ത് 80 സെന്റിൽ കൂടുതൽ സ്ഥലം കെ.എസ്.എഫ്.ഡി.സി-ക്ക് ലീസിന് നൽകാൻ മുനിസിപ്പാലിറ്റികളോ പഞ്ചായത്തുകളോ തയ്യാറായാൽ അവിടെ തീയേറ്ററുകൾ നിർമ്മിക്കുന്നതാണ്. സ്വകാര്യ പങ്കാളിത്തത്തോടെ പഴയ തീയേറ്ററുകൾ നവീകരിക്കാനും പുതിയ തീയേറ്ററുകൾ തുടങ്ങാനും ആലോചിക്കുന്നുണ്ട്. പഴയ തീയേറ്ററുകൾ നവീകരിക്കാൻ

സർക്കാർ ധനസഹായം നൽകുന്നില്ലെങ്കിലും കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ സഹായത്തോടെ തീയേറ്ററുകൾ നവീകരിക്കാനുള്ള ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 150 മുതൽ 200 സീറ്റുകൾ വരെയുള്ള ആധുനിക തീയേറ്ററുകൾ കുറഞ്ഞ ചെലവിൽ നിർമ്മിക്കുകയെന്ന ആശയത്തെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

18 (*154) <u>പൊതുസ്വത്തുക്കളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പൊതുസ്വത്തുക്കളിൽ ഓരോ വകുപ്പിന്റെയും കീഴിലുള്ള കെട്ടിടങ്ങൾ, ഭൂമി (പാട്ടത്തിന് നൽകിയിട്ടുള്ളവ ഉൾപ്പെടെ), വനം, കുളങ്ങൾ, തടാകങ്ങൾ, നദികൾ, കനാലുകൾ എന്നിവയുൾപ്പെടെയുള്ള എല്ലാ പൊതുസ്വത്തുക്കളുടെയും വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനും സംവിധാനമുണ്ടാക്കണമെന്നും സ്വത്തുക്കളുടെ സംരക്ഷണം ഉറപ്പുവരുത്താൻ സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ പോലുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണമെന്നുമുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. ഇപ്പോൾ പി.ഡബ്ല്യൂ.ഡി. യിൽ മാത്രമാണ് ബിൽഡിംഗുകളും ബ്രിഡ്ജുകളും പുറമ്പോക്ക് ഭൂമിയിലുള്ള മരങ്ങളും സംബന്ധിച്ചുള്ള രജിസ്റ്ററുകളുള്ളത്. സംസ്ഥാനത്തിന്റെ പൊതുസ്വത്തുക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കേണ്ട ചുമതല ആസൂ

ത്രണ വകുപ്പിനാണ്. ഓരോ വകുപ്പുകളും അതാത് വകുപ്പിന്റെ കീഴിലുള്ള സ്വ ത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നത് അവരുടെ ആസ്തിയെ ക്കുറിച്ച് കൃത്യമായ അവബോധമുണ്ടാക്കുന്നതിനും ദുർവിനിയോഗം തടയുന്നതിനും സഹായിക്കും. പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി കൊടുത്തി ട്ടുള്ള ഭൂമി അതിനുവേണ്ടി വിനിയോഗിക്കുന്നില്ലെങ്കിൽ തിരിച്ചെടുക്കാനുള്ള അവകാശം ഗവൺമെന്റിനുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

19( *155) <u>പ്രഖ്യാപിത മദ്യനയത്തിൽ അടിക്കടി ഉണ്ടാകുന്ന മാറ്റം</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, പ്രഖ്യാപിച്ച മദ്യനയത്തിൽ 3 തവണ മാറ്റം വരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 3 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് 01-04-2012 മുതൽ അവസാനിപ്പിക്കുമെന്നതായി രുന്നു പ്രഖ്യാപിത മദ്യനയമെങ്കിലും, മദ്യത്തിന്റെ ലഭ്യതയും, ഉപഭോഗവും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 09-12-2011 മുതൽ അടിയന്തര പ്രാധാന്യ ത്തോടെ, 3 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് അവസാ നിപ്പിക്കുന്നതിനും, പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായ ത്തിന്റെ വെളിച്ചത്തിൽ, പ്രാദേശിക വ്യത്യാസമില്ലാതെ, ബാറുകളുടെ പ്രവർത്തന സമയം രാവിലെ 8 മുതൽ രാത്രി 11 വരെയായി നിജപ്പെടുത്തുന്ന തിനും, 2011-12-ലെ മദ്യനയത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഹൈക്കോടതി വിധിയുടെയും സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ബാർ ലൈസൻസുകൾ അനുവദിക്കാൻ നിർബന്ധിതമായ

സാഹചര്യത്തിൽ, സമഗ്ര മദ്യനയം രൂപീകരിക്കുന്നതിന് ശുപാർശകൾ സമർപ്പിക്കുന്നതിനായി 23-01-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം, റിട്ട. ഹൈക്കോടതി ജസ്റ്റിസ് ശ്രീ. എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിക്കുകയും കമ്മീഷന്റെ റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ, FL-3 ലൈസൻസുകൾ അനുവദിക്കേണ്ടതില്ലെന്ന നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1874 മുതൽ 2229 വരെയുള്ള ചോദ്യങ്ങളിൽ 150 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)

.